ഊർജ്ജ വകുപ്പ് ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

41 (426) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും എം.എൽ.എ.എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി പഞ്ചായത്തുകളുടെ ഫണ്ടുകളുപയോഗിച്ചുള്ള പദ്ധതികൾ മുഖേനയും ബോർഡിന്റെ തനതായ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ട്രാൻസ്ഫോമർ സ്ഥാപിക്കൽ	99 എണ്ണം
11 കെ.വി. ലൈൻ	99.18 കി.മീ.
എൽ.റ്റി. ലൈൻ	172 കി.മീ.
കൺവേർഷൻ	112.84 കി.മീ.

പ്രസരണ വിഭാഗത്തിലെ പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

ഇടുക്കി നിയോജകമണ്ഡലത്തിലെ വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി (3.6 MW)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ 9/2012-ൽ ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ മൊത്തം പുരോഗതി 92% ആണ്. ഫെബ്രുവരി 2016-ഓടെ പദ്ധതി കമ്മിഷൻചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

പ്രവൃത്തി	വകയിരുത്തിയ തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
ട്രാൻസ്ഫോമർ സ്ഥാപിക്കൽ	326.08	262.78
11 കെ.വി. ലൈൻ	719.33	549.47
എൽ.റ്റി. ലൈൻ	1180.40	732.10
കൺവേർഷൻ	235	199

വെള്ളത്തൂവൽ ജലവൈദ്യുത പദ്ധതിക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
2012-13	1.70 കോടി രൂപ	14,34,272 രൂപ
2013-14	4.25 കോടി രൂപ	85,18,535 രൂപ
2014-15	6.80 കോടി രൂപ	8,46,75,354 രൂപ
2015-16	6.80 കോടി രൂപ	12,83,30,754 രൂപ

(സി)

പ്രവൃത്തി	പൂർത്തിയാക്കുവാനുള്ള പ്രവൃത്തി	വകയിരുത്തിയിട്ടുള്ള തുക (ലക്ഷം)
ട്രാൻസ്ഫോമർ സ്ഥാപിക്കൽ	23 എണ്ണം	63.3
11 കെ.വി. ലൈൻ	30.66 കി.മീ.	169.86
എൽ.റ്റി. ലൈൻ	105 കി.മീ.	448.3
കൺവേർഷൻ	30.84 കി.മീ.	36

വെള്ളത്തൂവൽ ജലവൈദ്യുത പദ്ധതിയുടെ 92% പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. ഫെബ്രുവരി 2016-ഓടെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി ഈ സാമ്പത്തിക വർഷം 6.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly